അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്താണ് ; തീരുമാനങ്ങൾ എടുത്തത് എത്രയെണ്ണത്തിലെന്നറിയിക്കുമോ ?

ഉത്തരം

(എ) 35,113 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 519 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) താലൂക്ക് അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. 277 അപേക്ഷകളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 242 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

ഐഡിയാസ് സംവിധാനം

5 (5) ശ്രീ. എം. പി. വിൻസന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ "ഐഡിയാസ്" സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനെ കൂടുതൽ ഓഫീസുകളുമായി ബന്ധിപ്പിച്ച് പ്രാദേശിക തലത്തിൽ ഫയൽ നീക്കം അറിയത്തക്കവിധം സജ്ജമാക്കുമോ ;

(സി) നിലവിലെ ഐഡിയാസ് സംവിധാനം എല്ലാ സർക്കാർ ഉത്തരവുകളും ലഭ്യമാകുന്ന വിധം പുനഃസംഘടിപ്പിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ "ഐഡിയാസ്" ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) "ഐഡിയാസിൽ" ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ Sics.Kerala.gov.in/ideas/home എന്ന വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ഉത്തരവുകൾ ഐഡിയാസിൽ ലഭ്യമാക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എല്ലാ ഉത്തരവുകളും ഐഡിയാസിൽ ലഭ്യമാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-ഫലയലിംഗ് സംവിധാനം

6 (6) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിവരുന്ന ഇ-ഫയലിംഗ് സംവിധാനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പും ശേഷവും ജീവനക്കാരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇ-ഫയലിംഗ് പദ്ധതിയിൽ വരുത്തിയിട്ടുള്ളത് ;

(സി) ഇ-ഫയലിംഗ് വന്നതിനു ശേഷം ഫയൽ കണ്ടെത്തുന്നതിനും വിവരങ്ങൾ അറിയുന്നതിനും എം.എൽ.എ.മാർക്കും പി.എ.മാർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് IDEAS മാതൃകയിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-ഫയലിംഗ് വഴി ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഫയലിംഗ് സംവിധാനത്തിലെ കാര്യക്ഷമത വർദ്ധിച്ചു എന്നാലും ഒരു ഡിപ്പാർട്ടുമെന്റിന് ഉയർന്ന കാര്യക്ഷമത കൈവരിക്കാൻ അതിന്റെ എല്ലാ സെക്ഷനുകളിലും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കൂടാതെ മറ്റ് 13 ഡിപ്പാർട്ടുമെന്റുകളിലും ഇ-ഓഫീസ് ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. ഇ-ഫലയലിംഗ് വഴി ഫിനാൻസ് ഡിപ്പാർട്ടുമെന്റിനുണ്ടായ ഏതാനും ഗുണങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം ശരാശരി രണ്ടാഴ്ചയിൽ നിന്നും മൂന്ന്, നാല് ദിവസമായി ചുരുങ്ങി.
2. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മുകളിലുള്ള ഉദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.
3. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിച്ചു.
4. ഫയലുകൾ സൂക്ഷിക്കുന്നതിനും തീരുമാനമായ ഫയലുകൾ അവസാനിപ്പിക്കുന്നതിനുമുള്ള പ്രക്രിയ എളുപ്പമാക്കി.

LIBRARY ARCHIVES Kerala Legislative Assembly